മാവേലിക്കര താലൂക്കിലെ മാവേലി സ്റ്റോറുകളിലെ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം

109(1366) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ മാവേലി സ്റ്റോറുകളിൽ നിന്നും കഴിഞ്ഞ 2 മാസമായി ചെറുപയർ, ഉഴുന്ന്, മല്ലി തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം എന്താണ് ;

(സി) ഇത് പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലിക്കര താലൂക്കിലെ ചില മാവേലി സ്റ്റോറുകളിൽ ചെറുപയർ, ഉഴുന്ന്, മല്ലി തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ കുറച്ചു ദിവസങ്ങളായി സ്റ്റോക്ക് ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സപ്ലൈകോ ഡിപ്പോകളിലെ സ്ഥലപരിമിതികളും സാധനങ്ങളുടെ പരിശോധനയിൽ ഗുണനിലവാരം സംബന്ധിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട് വിതരണക്കാരെ കരിമ്പട്ടികയിൽപ്പെടുത്തിയതുംമൂലം സ്റ്റോക്കിന്റെ ലഭ്യതയിൽ ചില ഡിപ്പോകളിൽ കുറവ് വന്നിട്ടുണ്ട്.

(സി) ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ ഉടൻതന്നെ സ്വീകരിക്കുകയും സാധനങ്ങൾ ലഭ്യമായി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പുതിയ റേഷൻ കാർഡ് വിതരണം

110(1367) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പുതിയ റേഷൻ കാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) എത്ര റേഷൻ കാർഡുകൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഇ) ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ;

(എഫ്) റേഷൻ കാർഡ് വിതരണം സംബന്ധിച്ച് ജനങ്ങൾക്കുണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ പുതിയ റേഷൻ കാർഡ് വിതരണം ഇതിനകം പൂർത്തിയായിട്ടുണ്ട്.

(സി) 56,199 റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി&ഇ) ഇതുസംബന്ധിച്ച് 24,032 അപേക്ഷകൾ ലഭിച്ചതിൽ 20,094 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(എഫ്) പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷ സ്വീകരിക്കുന്നതിനും നിലവിലുള്ള റേഷൻകാർഡ് വിഭജിക്കുന്നതിനും റേഷൻകാർഡിലെ തെറ്റുകൾ തിരുത്തുന്നതിനും കാർഡ് ഉടമകളുടെ ഫോട്ടോ എടുക്കുന്നതിനും പാലക്കാട് ജില്ലയിലെ പഞ്ചായത്ത് കേന്ദ്രങ്ങളിൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളിൽ നിന്നും എല്ലാ ദിവസവും താലൂക്ക് സപ്ലൈ ആഫീസുകളിൽ അപേക്ഷകൾ സ്വീകരിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ അക്ഷയ കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഓൺലൈനായും അപേക്ഷകൾ നല്കാവുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

111(1368) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഭക്ഷ്യ സബ്സിഡിക്കായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ :

(ബി) ഇതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) 2001-2006 വർഷത്തിൽ ഭക്ഷ്യസബ്സിഡിക്കായി ചെലവഴിച്ച തുക എത്രയായിരുന്നു എന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മാവേലി സ്റ്റോറുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത് ;

(ഇ) എവിടെയെല്ലാമാണ് ഇവ അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly